**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 38** **06-12-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് രൂപീകരിക്കാനുദ്ദേശിക്കുന്ന വ്യവസായ നയം കാര്യക്ഷമമായി പ്രാവർത്തികമാക്കുന്നതിന് വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ഏകീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ പുതിയ വ്യവസായ വാണിജ്യ നയം പ്രാവർത്തികമാക്കുന്നതിനും അതിൽ പ്രതിപാദിച്ചിരിക്കുന്ന വിവിധ നടപടികളും പ്രോത്സാഹനങ്ങളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും വ്യവസായ വാണിജ്യ ഡയറക്ടേറ്റ്, സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, കിൻഫ്ര, കെ-ബിപ് തുടങ്ങിയ സർക്കാർ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. നയത്തിൽ വിഭാവനം ചെയ്തിരിക്കുന്ന മുൻഗണനാ മേഖലകൾക്ക് പ്രത്യേക ഊന്നൽ നല്കുന്നതിനായി സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വ്യവസായ വാണിജ്യ നയത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിവിധ പദ്ധതികൾക്ക്/ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക വർഷാവർഷം സംസ്ഥാന ബജറ്റിൽ വകയിരുത്തി അർഹരായ സംരംഭങ്ങൾക്കു ലഭ്യമാക്കാനും വ്യവസായ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | നിലവിലെ നിക്ഷേപ സൗഹൃദാന്തരീക്ഷം സംബന്ധിച്ച് പ്രചാരണം നടത്തുന്നതിനും വിദേശത്ത് നിന്നുൾപ്പെടെയുള്ള നിക്ഷേപകരെ ആകർഷിക്കുന്നതിനും പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്.<br><br>കേരളത്തിൽ നിലവിലെ വ്യവസായ/നിക്ഷേപ സൗഹൃദാന്തരീക്ഷം സംബന്ധിച്ച് പ്രചാരണം നടത്തുന്നതിനും വിദേശത്ത് നിന്നുൾപ്പെടെയുള്ള നിക്ഷേപകരെ ആകർഷിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ സ്ട്രാറ്റജി രൂപീകരിക്കുകയും അതുവഴി താഴെപ്പറയുന്ന തുടർ നടപടികൾ എടുത്തു വരികയുമാണ്. |

1. കേരളത്തിൽ നിലവിലുള്ള വ്യവസായ സൗഹൃദ അന്തരീക്ഷത്തെ സംബന്ധിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളായ EODB റാങ്കിലുള്ള കേരളത്തിലെ പുരോഗതി, കെ-സ്വിഫ്റ്റ് പോർട്ടലിന്റെ ഗണ്യമായ പ്രവർത്തനക്ഷമത പുതിയ പദ്ധതികളായ പ്രൈവറ്റ് ഇൻവസ്റ്റ്മെന്റ് എസ്റ്റേറ്റ് പോളിസി, പുതിയ കരട് വ്യവസായ വാണിജ്യ നയം കൂടാതെ കേരളത്തിലുള്ള വലുതും ചെറുതുമായ വിജയകരമായും അന്താരാഷ്ട്ര നിലവാരത്തിൽ പ്രവർത്തിക്കുന്നതുമായ യൂണിറ്റുകളെ സംബന്ധിക്കുന്ന വീഡിയോകളും, പോസ്റ്ററുകളും, brochure കളും മറ്റും നിർമ്മിക്കുകയും അവ നവ മാധ്യമങ്ങളിലൂടെയും മറ്റും പ്രചരിപ്പിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2. കേരളത്തിൽ നിക്ഷേപ സാധ്യതയുള്ള 21-ഓളം സെക്ടറുകൾ തിരിച്ചറിയുകയും അതിൽ 6 സെക്ടറുകളിൽ നിക്ഷേപകരുമായി വ്യവസായ വകുപ്പ് മന്ത്രിയും മുതിർന്ന ഉദ്യോഗസ്ഥരും ഇതിനോടകം കൂടികാഴ്ച നടത്തുകയും അത്തരം മേഖലകളിൽ സർക്കാർ ഏജൻസികൾ നടത്തേണ്ട സുപ്രധാന ഇടപാടുകളെ പറ്റിയുള്ള രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

3. പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി അവർക്കു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും, അവരുമായി സ്ഥിരം സംവദിക്കുന്നതിനുമുള്ള ഒരു സംവിധാനം കൊണ്ടുവരുവാനും മറ്റുമായി ആദ്യ പടിയെന്നോണം ദുബായിലും, ഡൽഹിയിലും ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഓഫീസ് തുടങ്ങുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

4. വിദേശ നിക്ഷേപകരെ ആകർഷിക്കുന്നതിലേക്കായി ഇൻഡ്യയിൽ (പ്രത്യേകിച്ചും കേരളത്തിൽ) നിക്ഷേപങ്ങൾ നടത്തിയിട്ടുള്ള രാജ്യങ്ങളിൽ പോവുകയും അവിടെയുള്ള നിക്ഷേപകരുമായി കൂടിക്കാഴ്ച നടത്തി കേരളത്തിന്റെ വ്യവസായ സാധ്യതകളെ സംബന്ധിച്ചും മാറിയ വ്യവസായ അന്തരീക്ഷത്തെ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾ നല്കി കേരളത്തിലേക്ക് നിക്ഷേപം കേരളത്തിലേക്കു ആകർഷിക്കുവാനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്.

5. കേരളത്തിൽ നിക്ഷേപം നടത്തിയിട്ടുള്ള നിക്ഷേപകരുടെ തുടർ നിക്ഷേപങ്ങൾ കേരളത്തിൽ തന്നെ നടത്തുവാനായി അവരുടെ ആവശ്യങ്ങളും മറ്റും മനസിലാക്കി അവരെ ഹാൻഡ് ഹോൾഡ് ചെയ്തു.

| | | | |
|---|---|---|---|
| | | | തുടർ നിക്ഷേപം കേരളത്തിൽ തന്നെ നടത്തുവാൻ വേണ്ട നടപടി ക്രമങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | വ്യവസായ വികസന കോർപ്പറേഷൻ നടത്തുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ കുറിച്ച് വിശദമാക്കാമോ? | (സി) | കണ്ണൂർ, കോഴിക്കോട്, ചേർത്തല എന്നീ സ്ഥലങ്ങളിൽ വ്യവസായ വളർച്ച കേന്ദ്രങ്ങൾ, തിരുവനന്തപുരം തോന്നയ്ക്കലിൽ ലൈഫ് സയൻസ് പാർക്ക് ചേർത്തലയിലെ വ്യവസായ വളർച്ച കേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്ക്, പാലക്കാട്, കെ.എസ്.ഐ.ഡി.സി. ഇൻവെസ്റ്റ്മെന്റ് സോൺ തുടങ്ങിയവയാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC) ചെയ്തു വരുന്ന പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ<br><br>കൂടാതെ കാസർകോഡ് ഇൻഡസ്ട്രിയൽ സ്പേസ്, അങ്കമാലിയിൽ ബിസിനസ് പാർക്ക്, കുറ്റ്യാടിയിൽ ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള നടപടികളും KSIDC ആരംഭിച്ചിട്ടുണ്ട്. ടി വ്യവസായ പാർക്കുകളിലും ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലും സംരംഭത്തിന് അത്യന്താപേക്ഷിതമായ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളായ ആന്തരിക റോഡുകൾ, ഡ്രെയിനേജ് സംവിധാനങ്ങൾ, വൈദ്യുതി വിതരണം, ജലവിതരണം, ചുറ്റമതിലുകൾ, മഴവെള്ള നിർമ്മാർജന ഓടകൾ, മലിനജല സംസ്കരണ ശാലകൾ, ഗേറ്റുകൾ, സെക്യൂരിറ്റി ക്യാബിനുകൾ, ഭരണനിർവ്വഹണ കെട്ടിടങ്ങൾ, ക്രെഷ് കെട്ടിടങ്ങൾ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ, കോമൺ ഫെസിലിറ്റി സെന്ററുകൾ, വെയർ ഹൗസുകൾ തുടങ്ങിയവയാണ് KSIDC ഒരുക്കുന്നത്.<br><br>കൂടാതെ, പാർക്കുകളിലെയും ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലെയും സംരംഭകരുടെ ആവശ്യാനുസരണം ടി അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾക്ക് ആവശ്യമായ നവീകരണവും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ